

THURSDAY 23.11.2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)23/11/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് വയനാട് ജില്ലയിലെ കൽപറ്റ, ബത്തേരി, മാനന്തവാടി മണ്ഡല ങ്ങളിൽ സംഘടിപ്പിക്കുന്നു.

2. ക്രിസ്തുമസ് ആഘോഷത്തിന് മാറ്റുകൂട്ടാനായി "ക്രിസ്മസ് ട്രീ" പദ്ധതിയുമായി കൃഷി വകുപ്പ്; ഇത്തവണ മുതൽ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് മോടി കൂട്ടുന്നതിനായി ക്രിസ്മസ് ട്രീ വിതരണം എന്ന ഒരു പദ്ധതി കൂടി വകുപ്പ് നടപ്പിലാക്കുന്നു. സംസ്ഥാനത്തെ 9 ജില്ലകളിലെ 31 ഫാമുകളിലായി 4866 ക്രിസ്തുമസ് ട്രീ തൈകൾ വിതരണത്തിനായി സജ്ജമാക്കിയിട്ടുണ്ട്. തൂജ, ഗോൾഡൻസൈപ്രസ്, അരക്കേറിയ എന്നീ ഇനങ്ങളിലെ തൈകളാണ് ക്രിസ്തുമസിനോടനുബന്ധിച്ചു വിതരണത്തിനായി തയ്യാറാക്കിയിരിക്കുന്നത് 2 മുതൽ 3 അടി വരെ ഉയരമുള്ള തൈകൾ മൺചട്ടിയിലാണ് വളർത്തിയിരിക്കുന്നത്. ലഭ്യമാക്കുന്ന ക്രിസ്മസ്സ് ട്രീകൾ തൂജ തൈകൾ 2 അടി വരെ ഉള്ളത് 200 രൂപ തൂജ തൈകൾ 2 അടിക്കു മുകളിൽ ഉയരം ഉള്ളത് 225 രൂപ, ഗോൾഡൻ സൈപ്രസ് 2 അടി വരെ ഉള്ളത് 250 രൂപ, ഗോൾഡൻ സൈപ്രസ് 2 അടിക്കു മുകളിൽ ഉയരം ഉള്ളത് 300 രൂപ, അരക്കേറിയ 2 തട്ട് വരെ ഉള്ളത് 300 രൂപ, അരക്കേറിയ 2 തട്ടിനു മുകളിൽ 400 രൂപയുമാണ് വില. ക്രിസ്മസ് ട്രീ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ ഫാമുകളിൽ ലഭ്യമാണ്.

3. രാഷ്ട്രീയ ഗോകുൽ മിഷന് കീഴിൽ ABIP-SS (Accelerated Breed Improvement Programme-Sex sorted) പദ്ധതിയിലൂടെ കെ.എൽ.ഡി ബോർഡ് നടപ്പിലാക്കുന്ന ലിംഗനിർണ്ണയം ചെയ്ത ബീജമാത്രകളുടെ വിതരണം തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട AI സെന്ററുകളിൽ നിന്നും ആരംഭിച്ചിട്ടുണ്ട്. അത്യുൽപാദനശേഷിയുള്ള HF (Holstein Friesian), ജേഴ്സി, സങ്കരയിനം ജനുസ്സുകളുടെ ബീജമാത്രകൾ ഇത്തരത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. നിശ്ചിത തുക അടച്ചു രജിസ്റ്റർ ചെയ്യുന്ന ക്ഷീരകർഷകർക്ക് പദ്ധതിയിൽ പങ്കാളികളാകാം. വിശദ വിവരങ്ങൾക്ക് മൂവാറ്റുപുഴ കെ.എൽ.ഡി

ബോർഡിലെ മാനേജരുമായി 9446004280 എന്ന ഫോൺ നമ്പരിലോ തിരുവനന്തപുരം കെ.എൽ.ഡി ബോർഡിലെ ഡെപ്യൂട്ടി ജനറൽ മാനേജർ (AH) മായി 9446226600 എന്ന നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

4. മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ കൃഷിഭവനിലെ കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ വിൽക്കുന്നതിനും പൊതുജനങ്ങൾക്ക് സ്വദേശ നാടൻ കർഷക ഉൽപന്നങ്ങൾ ലഭ്യമാക്കുന്നതിനും ആനമങ്ങാട് ടൗണിൽ പ്രവർത്തനം ആരംഭിക്കുന്ന കർഷക വിപണിയിലേക്ക് ഉൽപന്നങ്ങൾ നൽകാൻ താൽപര്യമുള്ള കർഷകരുടെ യോഗം ഇന്ന് (23/11/2023) (വ്യാഴം) ഉച്ചക്ക് ശേഷം 3 മണിക്ക് കൃഷിഭവനിൽ ചേരുന്നു. താൽപര്യമുള്ള കർഷകർ പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9383471722.

പരിശീലന പരിപാടി

5. മിത്രാ നികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ വച്ച് പെസ്റ്റ് കൺട്രോൾ ഓപ്പറേറ്റർമാർക്കായി ത്രിദിന ട്രെയിനിങ് സംഘടിപ്പിക്കുന്നു. ഡിസംബർ 12, 13, 14 തീയതികളിൽ നടത്തപ്പെടുന്ന ട്രെയിനിങ്ങിലേക്ക് പ്ലസ് ടു പാസായവർക്ക് 8086019840 എന്ന ഫോൺ നമ്പറിൽ വാട്സ്ആപ്പ് മുഖേനയോ ഫോണിൽ കൂടെയോ രജിസ്റ്റർ ചെയ്യാവുന്നതാണ് . തിരുവനന്തപുരം ജില്ലയിൽ Glyphosate എന്ന കളനാശിനി തളിക്കുന്നതിന് താല്പര്യമുള്ളവർ 08.12.2023 വൈകുന്നേരം 4 മണിക്ക് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. രണ്ടുദിവസം ഓൺലൈൻ ട്രെയിനിങ്ങും അവസാനദിവസം പ്രാക്ടിക്കൽ ട്രെയിനിങ്ങും ഉണ്ടായിരിക്കുന്നതാണ്.

6. കാർഷിക സർവ്വകലാശാലയുടെ തൃശ്ശൂർ വെള്ളാനിക്കര ഫോറസ്ട്രി കോളേജിൽ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് ദേശിയ കാർഷിക ഉന്നത പഠനപദ്ധതിയുടെ സഹായത്തോടെ നടപ്പാക്കുന്ന ആധുനിക കാർഷിക ശാസ്ത്ര സാങ്കേതിക കേന്ദ്രം പദ്ധതിയുടെ കീഴിൽ "തെങ്ങിൻ തടിയുടെ സംസ്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമാണവും" എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. നവംബർ 30 മുതൽ ഡിസംബർ 2 വരെ നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻതാൽപര്യമുള്ളവരിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് നവംബർ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

25 ന് മുമ്പായി 9447770412, 9677527702 എന്ന ഫോൺ നമ്പരിലോ http :// forestry.kau.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

7. കേരളത്തിൽ നല്ല കാർഷിക മുറകളിലൂടെ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കേരളാഗ്രോ ബ്രാൻഡിൽ വിൽക്കാൻ വിപണന കേന്ദ്രം ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ ധനസഹായം നൽകുന്നു. കർഷക കൂട്ടായ്മകൾ, കർഷക ഉത്പാദക സംഘടനകൾ, കൃഷിക്കൂട്ടങ്ങൾ, എൻജിഓകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയ്ക്കാണ് സഹായം നൽകുക. തങ്ങളുടെ ഉൽപ്പന്നങ്ങൾ കേരളാഗ്രോ ബ്രാൻഡ് ചെയ്യാൻ താല്പര്യം ഉള്ളവർക്കും വിശദവിവരങ്ങൾക്കായി കൃഷിഭവനുമായി ബന്ധപ്പെടുക.

8. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ നവംബർ 28, 29 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706/ 8113893159/ 8848997565 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

9. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "കൂൺ കൃഷി" എന്ന വിഷയത്തിൽ 2023 നവംബർ 24 വെള്ളിയാഴ്ച്ച ഒരു ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/-രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ10 മണി മുതൽ 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

10. മലപ്പുറം ജില്ലയിലെ ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് നവംബർ മാസം 25 ന് (25.11.2023) **"പോത്തുകുട്ടി പരിപാലനം"** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പ്പര്യമുള്ളവർ 0494-2962296എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് നവംബർ 28 മുതൽ 30 വരെയുള്ള തീയതികളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

12. തിരുവനന്തപുരം പട്ടം ക്ഷീര പരിശീലന കേന്ദ്രത്തിൽ **22.11.2023 മുതൽ 27.11.2023** വരെ നടത്താനിരുന്ന **ശാസ്ത്രീയ പശു പരിപാലനം** എന്ന പരിശീലന പരിപാടി ചില സാങ്കേതിക കാരണങ്ങളാൽ **25.11.2023 മുതൽ 30.11.2023** വരെയുള്ള തീയതിയിലേക്ക് മാറ്റിയതായി ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാൾ അറിയിച്ചു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ.പരിശീലനാർഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ ഒറിജിനലും ആയതിന്റെ ഓരോ പകർപ്പും കൊണ്ടുവരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2440911 എന്ന ഫോൺ നമ്പറിലോ, ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ, തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം